"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - 2024-25 സാമ്പത്തിക വർഷം ലൈഫ് മിഷന്റെ PSTSB അക്കൗണ്ടിൽ വിട്ടുതൽ ചെയ്ത് നൽകിയതിൽ സാമ്പത്തികവർഷാവസാനം ബാക്കിയുണ്ടായിരുന്നതും സർക്കാർ തിരിച്ചെടുത്തതുമായ തുകയിൽ നിന്ന് രണ്ട് കോടി രൂപ ലൈഫ് മിഷന്റെ PSTSB അക്കൗണ്ടിലേയ്ക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.965/2025/LSGD തീയതി,തിരുവനന്തപുരം, 15-04-2025

---

പരാമർശം:-
1. ധനകാര്യ വകുപ്പിന്റെ 03/04/2025 ലെ 29/2025/ധന സർക്കുലർ
2. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 03.04.2025 ലെ എൽ എം1/2332/ഫിൻ/2024 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2024-25 സാമ്പത്തിക വർഷം ലൈഫ് മിഷന്റെ PSTSB അക്കൗണ്ടിൽ വിട്ടുതൽ ചെയ്ത് നൽകിയ തുകയിൽ സാമ്പത്തികവർഷാവസാനം ബാക്കിയുണ്ടായിരുന്ന 136,89,71,254 രൂപ താഴെ പറയും പ്രകാരം സർക്കാർ തിരിച്ചെടുത്തിരുന്നു.

| Head of Account | Budget Estimate 2024-25 | Amount released to PSTSB | Expenditure as on 31.03.2025 | Balance in PSTSB as on 31.03.2025 |
|---|---|---|---|---|
| 4217-60-051-95 Total Housing Scheme - Urban LIFE Mission (P) | 192,00,00,000 | 27,00,00,000 | 2,69,32,716 | 24,30,67,284 |
| **Total** | **192,00,00,000** | **27,00,00,000** | **2,69,32,716** | **24,30,67,284** |
| 4515-00-102-49 Total Housing Scheme - Rural LIFE Mission (P) | 500,00,00,000 | 2,00,00,000<br>18,36,31,000<br>100,00,00,000<br>100,00,00,000 | 107,77,27,030 | 112,59,03,970 |
| **Total** | **500,00,00,000** | **220,36,31,000** | **107,77,27,030** | **112,59,03,970** |
| **Grand Total** | **692,00,00,000** | **247,36,31,000** | **110,46,59,746** | **136,89,71,254** |

2025 ഏപ്രിൽ, മേയ് മാസങ്ങളിലെ ലൈഫ് മിഷന്റെ സംസ്ഥാന ഓഫീസിലെയും ജില്ല ഓഫീസുകളിലെയും ജീവനക്കാരുടെ ശമ്പളം, വാഹന വാടക, ഓഫീസ് ചെലവുകൾ

എന്നിവയ്ക്കായി, 4515-00-102-49 Rural Housing (Plan) എന്ന ശീർഷകത്തിൽ നിന്ന് സാമ്പത്തികവർഷാവസാനം സർക്കാർ തിരിച്ചെടുത്ത തുകയിൽ നിന്നും 2 കോടി രൂപ അടിയന്തിരമായി ലൈഫ് മിഷന്റെ ജില്ല ട്രഷറിയിലുള്ള PSTSB No. 799012700001688 അക്കൗണ്ടിലേക്ക് അനുവദിക്കണം എന്ന് സിഇഒ ലൈഫ് മിഷൻ പരാമർശം 2 പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2024-25 സാമ്പത്തിക വർഷം ലൈഫ് മിഷന്റെ PSTSB അക്കൗണ്ടിൽ വിട്ടുതൽ ചെയ്ത് നൽകിയതിൽ സാമ്പത്തികവർഷാവസാനം ബാക്കിയുണ്ടായിരുന്നതും സർക്കാർ തിരിച്ചെടുത്തതുമായ 136,89,71,254 രൂപയിൽ (നൂറ്റിമുപ്പത്തിയാറ് കോടി എൺപത്തിഒൻപത് ലക്ഷത്തി എഴുപത്തിയൊന്നായിരത്തി ഇരുന്നൂറ്റി അൻപത്തിനാല് രൂപ ) നിന്ന് രണ്ട് കോടി രൂപ 4515-00-102-49 Rural Housing (Plan) എന്ന ശീർഷകത്തിൽ നിന്നും ലൈഫ് മിഷന്റെ ജില്ല ട്രഷറിയിലുള്ള PSTSB No. 799012700001688 അക്കൗണ്ടിലേക്ക് അനുവദിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
അണ്ടർ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ , ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 15-04-2025 14:30:33
സെക്ഷൻ ഓഫീസർ